# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - നീണ്ടകര ഗ്രാമപഞ്ചായത്ത്- 2012-13 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ഖണ്ഡിക 3(4) പ്രകാരം തടസ്സപ്പെടുത്തിയ 16196.45/- (പതിനാറായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റിയാറു രൂപ നാല്പത്തിയഞ്ച് പൈസാ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം.176 /18/തസ്വഭവ. തിരുവനന്തപുരം, തീയതി:20/01/2018

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 04/07/2016-ലെ എം3-17708/16 - നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 പ്രകാരം, പന്ത്രണ്ടാം പദ്ധതി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി സോഡിയം വേപ്പർ ലാമ്പുകൾ നന്നാക്കുന്നതിന് സ്പെയർപാർട്സുകൾ വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച ചെലവഴിച്ച 16196.45 /-രൂപ (പതിനാറായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റിയാറു രൂപ നാല്പത്തിയഞ്ച് പൈസാ മാത്രം) തടസ്സപ്പെടുത്തിയിരുന്നു. ഈ വിഷയത്തിൽ സർക്കാർ സാധൂകരണം നല്കുന്നതിനായി 08/06/2015 ലെ IV(9)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ എന്നിവ സഹിതം പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ നല്കിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയ തുക ചെലവഴിക്കേണ്ടി വന്ന സാഹചര്യം പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. സോഡിയംവേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നത് പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണെങ്കിലും നിലവിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളവ വൈദ്യുതോർജ്ജം കുറച്ചു മാത്രം ഉപയോഗിക്കുന്ന മറ്റ് സങ്കേതങ്ങളിലേയ്ക്ക് മാറ്റുന്നതുവരെ ആയവയുടെ മെയിന്റനൻസ് നടത്തി

സംരക്ഷിക്കേണ്ടതുണ്ടെന്നതു കണക്കിലെടുത്തും ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ വിശദീകരണം, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ, എന്നിവ പരിഗണിച്ചും കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിന്റെ 2012-2013 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(4) പ്രകാരം തടസ്സപ്പെടുത്തിയ 16196.45/- (പതിനാറായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റിയാറു രൂപ നാല്പത്തിയഞ്ച് പൈസാ മാത്രം) ചെലവിന് സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സന്തോഷ്.വി.എസ്.
അണ്ടർ സെക്രട്ടറി.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
സെക്രട്ടറി, നീണ്ടകര ഗ്രാമപഞ്ചായത്ത്, കൊല്ലം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ